**സംസ്ഥാനത്ത് നിർമ്മിക്കേണ്ട റെയിൽവേ മേൽപ്പാലങ്ങൾക്കു വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ**

**249 (1977)** ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിർമ്മിക്കേണ്ട റെയിൽവേ മേൽപ്പാലങ്ങൾക്കു വേണ്ടിയുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) എത്ര മേൽപ്പാലങ്ങൾക്കുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട് ; അവ ഏതെല്ലാം എന്ന് വിശദമാക്കുമോ ;

(സി) ഇനി എത്ര മേൽപ്പാലങ്ങൾക്കുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയാക്കാനുണ്ട് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റെയിൽവേ മേൽപ്പാലനിർമ്മിതിക്കായി എന്തു തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിർമ്മിക്കേണ്ട 13 മേൽപ്പാലങ്ങളുടെ സ്ഥലമെടുപ്പ് പൂർത്തിയായി. 7 എണ്ണത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 13 മേൽപ്പാലങ്ങൾക്കുള്ള അക്വിസിഷൻ നടപടികൾ പൂർത്തിയായി അവയുടെ വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്

(സി) 19 എണ്ണം.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**നാഷണൽ ഗെയിംസ് നടത്തുന്നതിനുള്ള ഒരുക്കങ്ങൾ**

**250 (1978)** ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഗെയിംസ് നടത്തുന്നതിനോടനുബന്ധിച്ച് എന്തൊക്കെ ഒരുക്കങ്ങൾ ഇതേവരെ നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ഇനിയും എന്തൊക്കെ പുതിയ സംരംഭങ്ങൾ ഇതിനായി വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എത്ര തുക കേന്ദ്രത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട് ; എത്ര തുക ഇതുവരെ ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly